LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. വനത്തിനുള്ളിൽ ഒറ്റപ്പെട്ട് കിടക്കുന്ന ഇളമാങ്കൽ കോളനിയിൽ 5 വീടുകളിലായി 5 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്ന് 4 കി.മീ വനത്തിനുള്ളിൽ കൂടി നടവഴിയാണ് നിലവിലുള്ളത്. ഈ 4 കി.മീ ദൂരം കോൺക്രീറ്റ് അഥവാ ഇന്റർലോക്ക് ചെയ്ത് റോഡ് നിർമ്മിക്കേണ്ടി വരും. കടവിൽ കോളനിയിൽ 18 വീടുകളിലായി 19 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. മുണ്ടയോട് നിന്നും കടവിൽ കോളനിയിലേയ്ക്ക് 3. കി.മീ. ദൂരം മൺറോഡാണ്. ഇതിൽ 300 മീറ്റർ പാടൃം ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ടി പ്രവൃത്തികൾ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) മുണ്ടയോട് മുതൽ ഇളമാങ്കൽ കോളനി വരെയും മുണ്ടയോട് മുതൽ കടവ് കോളനി വരെയുമുള്ള റോഡുകൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

പ്രവൃത്തികൾ ഊരുക്കൂട്ടത്തിന്റെ ശിപാർശയോടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകളുടെ നവീകരണം

28(773) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകളിൽ എത്രയെണ്ണം ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? വിശദാംശങ്ങൾ നൽകുമോ?

നിലവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ ഗതാഗതയോഗ്യമല്ലാത്ത റോഡുകളില്ല. പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകളിൽ ഗതാഗതയോഗ്യമല്ലാതായി തീർന്നിട്ടുള്ളതിന്റെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഊരുകൂട്ട തീരുമാനങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ചാലക്കുടി നിയോജകമണ്ഡലത്തിലെ അരേക്കാപ്പ് ആദിവാസി കോളനിയിൽ അടിസ്ഥാന സൗകര്യമൊരുക്കൽ

29(774) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരേക്കാപ്പ് ആദിവാസി കോളനിനിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ നാലുകിലോമീറ്ററോളം ചുമന്നാണ് രോഗികളെ ഊരിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വന്യമൃഗശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംമൂലം പ്രസ്തുത ഊരിൽ നിന്നും കുടുംബങ്ങൾ പുറത്തേക്ക് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് ഗൗരവത്തിലെടുത്ത് കുടുംബങ്ങൾ ഊര് ഉപേക്ഷിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഊരിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരേക്കാപ്പ് ആദിവാസി കോളനിയിൽ ആകെ 40 കുടുംബങ്ങളാണ് താമസിച്ചുവന്നിരുന്നത്. ഇതിൽ നിന്നും 10 കുടുംബങ്ങളും വനത്തിനുള്ളിൽ താമസിച്ചുവന്നിരുന്ന ഒരു കുടുംബവും ഉൾപ്പെടെ 11 കുടുംബങ്ങളാണ് എറണാകുളം ജില്ലയിലെ ഇടമലയാർ പ്രദേശത്തേക്ക് മാറിയത്. നിലവിൽ ഇവർ ഇടമലയാർ പ്രീ-മെട്രിക് ഹോസ്റ്റലിൽ താമസിച്ചുവരികയാണ്. ബാക്കിയുള്ള 30 കുടുംബങ്ങൾ നിലവിൽ അരേക്കാപ്പിലാണ് താമസിക്കുന്നത്. ഓരോ കുടുംബത്തിനും അവിടെ 4 ഹെക്ടർ വരെ സ്ഥലം കൈവശത്തിലുണ്ട്. പ്രധാനമായും അവിടെ കൃഷി ചെയ്താണ് അവർ കഴിഞ്ഞുവരുന്നത്. റോഡ് സൗകര്യവും വന്യമൃഗശല്യവും പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗശല്യം തടയുന്നതിന് 12 ലക്ഷം രൂപ ഫെൻസിംഗിനായി

LIBRARY ARCHIVES Kerala Legislative Assembly